പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2441

08.03.2017 - ൽ മറുപടിയ്ക്ക്

കയർ വ്യവസായ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.എം. മുകേഷ്<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. ആർ. രാജേഷ് | ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
| എ)കയർ വ്യവസായം സംരക്ഷിക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച രണ്ടാം പുനസംഘടന പദ്ധതി ലക്ഷ്യമിടുന്നത് എന്തൊക്കെ കാര്യങ്ങളാണ്; | എ) കയർ വ്യവസായം സംരക്ഷിക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച രണ്ടാം പുനസംഘടന പദ്ധതിയിൽ താഴെ പറയുന്ന കാര്യങ്ങൾ ലക്ഷ്യമിടുന്നു.<br><br>കയർ വ്യവസായത്തിന്റെ സമ്പൂർണ്ണ ആധുനീകരണമാണ് രണ്ടാം പുന:സംഘടന ലക്ഷ്യം വയ്ക്കുന്നത്. ഇത്തരത്തിലുള്ള ആധുനീകരണം നടപ്പിലാക്കുമ്പോൾ പരമ്പരാഗത മേഖലയിൽ തൊഴിലിനേയും കൂലിയേയും ദോഷകരമായി ബാധിക്കാതിരിക്കാൻ ആ മേഖലയിൽ ഉത്പാദിപ്പിക്കപ്പെടുന്ന കയറും കയർ ഉത്പന്നങ്ങളും പൊതുമേഖലാ സ്ഥാപനങ്ങൾ മുഖാന്തിരം സംഭരിക്കുക എന്നതാണ്. ഈ സമീപനത്തിന്റെ രണ്ടാം ഭാഗം നിലവിലുള്ള സ്കീമുകളും പരിപാടികളും ഈ ലക്ഷ്യത്തിനായി സംയോജിപ്പിക്കുകയാണ് ചെയ്യുക. |
| ബി) സംസ്ഥാനത്ത് കയർ വ്യവസായത്തിന്റെ പ്രസക്തി, പതിനായിരക്കണക്കിന് തൊഴിലാളികളുടെ ഏക ഉപജീവന ഉപാധിയായ പരമ്പരാഗത വ്യവസായമെന്ന നിലയിലായതിനാൽ ഉൽപ്പന്നാധിഷ്ഠിതമായ സമ്പൂർണ്ണ യന്ത്രവൽക്കരണം ഈ രംഗത്തെ തൊഴിലാളികളുടെ താൽപ്പര്യം എങ്ങനെ സംരക്ഷിക്കുമെന്നു വിലയിരുത്തിയിട്ടുണ്ടോ; നിലവിൽ ഈ രംഗത്തെ തൊഴിലാളികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; | ബി) പരമ്പരാഗത വ്യവസായമായ കയറിന്റെ പ്രസക്തി **നിലനിർത്തുന്നതിനായി** തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിച്ചു കൊണ്ട് തന്നെ സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കി അവരെ സംരക്ഷിക്കാമെന്ന് വിലയിരുത്തിയിട്ടുണ്ട്. നിലവിൽ കയർ സഹകരണ സംഘങ്ങളിലെ 254230 തൊഴിലാളികളും, വീടുകളിൽ തൊഴിൽ ചെയ്യുന്ന 33646 തൊഴിലാളികളും, സ്വകാര്യ സംരംഭകരായ 2647 തൊഴിലാളികളും ചേർന്ന് ആകെ 290523 തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. |
| സി) തൊഴിലാളികളുടെ ഉൽപ്പാദനക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും വർദ്ധിപ്പിച്ചു കൊണ്ടും അതോടൊപ്പം കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും ആഭ്യന്തര വിദേശ വിപണനം ശക്തിപ്പെടുത്തിയും പരമ്പരാഗത | സി) തൊഴിലാളികളുടെ ഉൽപ്പാദനക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും വർദ്ധിപ്പിച്ചുകൊണ്ടും അതോടൊപ്പം കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും ആഭ്യന്തര വിദേശ വിപണനം ശക്തിപ്പെടുത്തിയും പരമ്പരാഗത വ്യവസായമെന്ന നിലയിൽ ഈ മേഖലയെ പ്രോത്സാഹിപ്പിക്കാൻ |

| | |
|---|---|
| വ്യവസായമെന്ന നിലയിൽ ഈ മേഖലയെ പ്രോത്സാഹിപ്പിക്കാൻ പദ്ധതികളുണ്ടോ? | പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കാത്ത വിധത്തിൽ യന്ത്രവൽക്കരണം നടത്തി കയർ മേഖലയെ ആധുനികവൽക്കരിക്കുക എന്നുള്ളതാണ് സർക്കാർനയം. സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിയ്ക്കുകയും ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉല്പാദകരുടെ ഉല്പ്പന്നം മുഴുവനും കയർ കോർപ്പറേഷൻ സംഭരിക്കുകയും ചെയ്യുന്നുണ്ട്. ഇതിനായി ക്രയവില സ്ഥിരത ഫണ്ട് പദ്ധതിയിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 77 കോടി രൂപയിൽ നിന്നും കയർഫെഡിന് 16,98,36,938/- രൂപയും കയർ കോർപ്പറേഷന് 26,62,00,000/- രൂപയും ചേർത്ത് 2017 ഫെബ്രുവരി വരെ ആകെ 43,60,36,938/- **രൂപ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്**. തൻമൂലം കയറിന്റെ സംഭരണം കയർഫെഡ് വഴിയും, ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ വഴിയും നടത്തുന്നതിന് കഴിയുന്നു. |

സെക്ഷൻ ഓഫീസർ